# മരണപ്പെട്ട ഉപഭോക്താക്കളുടെ ആസ്തികൾ നിയമപരമായി ശേഷിച്ചവർ/അവകാശപ്പെടുന്നവർക്കായി റിലീസ് ചെയ്യൽ

ഡി.ബി.ഒ.ഡി. ബി.സി. നം. 55/09.07.007/2001-02 2002, 01, ജനുവരി

എല്ലാ വാണിജ്യബാങ്കുകൾക്കും
(ആർ.ആർ.ബി.കൾ ഒഴികെ)

സർ,

മരണപ്പെട്ട ഉപഭോക്താക്കളുടെ ആസ്തികൾ നിയമപരമായി ശേഷിച്ചവർ/ അവകാശപ്പെടുന്നവർക്കായി റിലീസ് ചെയ്യൽ.

2000, മാർച്ച് 14-ന് പുറപ്പെടുവിച്ച ഞങ്ങളുടെ സർക്കുലർ ഡി.ബി.ഒ.ഡി. ബി.സി. നം. 148/09.07.007/1999-2000 പ്രകാരം മരണപ്പെട്ട നിക്ഷേപകരുടെ ക്രെഡിറ്റിലുള്ള തുക 25,000/- കയിൽ കൂടുതൽ അല്ലെങ്കിൽ നിയമപരമായ അവകാശികളിൽ നിന്നും പിൻ തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് ശഠിക്കരുതെന്ന് ബാങ്കുകളെ അറിയിച്ചിട്ടുണ്ടല്ലോ. എന്നാൽ 2000, ഡിസംബർ 6-ന് പുറപ്പെടുവിച്ച ഞങ്ങളുടെ സർക്കുലർ ഡി.ബി.ഒ.ഡി. നം. ബി.സി. /09.07.07/2000-01-ൽ ചില സുരക്ഷാസംവിധാനങ്ങൾ ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന സാഹചര്യങ്ങളിൽ നിയമപരമായി അവകാശപ്പെടുന്നവരിൽ നിന്ന് ബാങ്കുകൾക്ക് പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാം.

1. തർക്കങ്ങൾ ഉണ്ടായിരിക്കുകയും ബാങ്കിന് നഷ്ടോത്തരവാദം ചെയ്യുന്നതിൽ എല്ലാ നിയമപരമായ അവകാശികളും യോജിക്കാതിരിക്കുക. അവകാശപ്പെടുന്ന വർ മാത്രമാണ് നിക്ഷേപകന്റെ നിയമപരമായ അവകാശികൾ എന്നതിനെക്കുറിച്ച് ബാങ്കിന് ന്യായമായ സംശയമുണ്ടായിരിക്കുക.

2. മരണപ്പെട്ട ഉപഭോക്താവിന്റെ മറ്റു ആസ്തികളുമായി ബന്ധപ്പെട്ട് ബാങ്കു കളുടെ സുരക്ഷിതമായി വെച്ചിട്ടുള്ള വസ്തുക്കൾ, തട്ടിക്കിഴിക്കലിനുശേഷം മുൻകൂറു കൾക്ക് എതിരെ വച്ചിട്ടുള്ള സെക്യൂരിറ്റികൾ എന്നിങ്ങനെയുള്ളവയുടെ അവകാശങ്ങൾ നിർണ്ണയിക്കുന്നതിനും ഇതേ തത്വം തന്നെ പ്രയോഗിക്കാനുള്ള അനുമതിക്കായി ബാങ്കു കൾ ഞങ്ങളെ സമീപിച്ചിട്ടുണ്ട്.

3. ബാങ്കുകളുടെ ഈ നിവേദനം ഇന്ത്യബാങ്കുകളുടെ അസോസിയേഷനുമായി ഞങ്ങൾ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ 2000 ഡിസംബർ 6-ന് ഞങ്ങൾ നൽകിയ സർക്കുലറിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സുരക്ഷാസംവിധാനങ്ങൾക്ക് വിധേയമായി മരണപ്പെട്ട ഉപഭോക്താക്കളുടെ മറ്റ് ആസ്തികൾ റിലീസ് ചെയ്യുന്നതിന് നിയമപരമായ പ്രതിനിധാനം

നിർബന്ധമാക്കേണ്ട
തില്ലെന്ന് ഞങ്ങൾ ബാങ്കുകളെ അറിയിക്കുന്നു.

4. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

**(കെ.എൻ. റുപാനി)**
ഡെപ്യൂട്ടി ജനറൽ മാനേജർ